# വിദ്യാഭ്യാസം എങ്ങോട്ട്: ഒരടി മുന്നോട്ട്; രണ്ടടി പിന്നോട്ട്

പ്രൊ: സി: കെ. മൂസ്സത്ത്

"വിദ്യാഭ്യാസം എങ്ങോട്ട്" എന്ന ചോദ്യം ശ്രീ. പി. ആർ. നമ്പ്യാർ കേരള സംസ്ഥാനപ്പിറവിയുടെ സാഹചര്യത്തിൽ കേരള ബുക്ക്ഡിപ്പോ പ്രസിദ്ധീകരണമായി ഇറക്കിയ പുസ്തകത്തിന്റെ തലക്കെട്ടാകാം. പലപ്പോഴും നാം ചോദിച്ചുപോകുന്ന ചോദ്യമാണത്. കണ്ണൂരിൽ നിന്നു് ഒരു യുവസുഹൃത്ത് നവവത്സര സമ്മാനമായി രണ്ടു ലെനിൻ കൃതികളടങ്ങുന്ന പാക്കററ് എനിയ്ക്കയച്ചിരുന്നു. "ഒരടി മുന്നോട്ട്. രണ്ടടിപിന്നോട്ട്" എന്ന പ്രസിദ്ധ ഗ്രന്ഥം അതിൽപെടും. വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ ആറേഴ ദശകങ്ങൾക്കുള്ളിൽ ഉണ്ടായ പരിഷ്ക്കരണശ്രമങ്ങളെ മനസ്സിൽ കണ്ടു വിദ്യാഭ്യാസം എങ്ങോട്ട് എന്നു സ്വയം ചോദിച്ചപ്പോൾ, ആ ഗ്രന്ഥ ശീർഷകമാണു് എനിയ്ക്കു തോന്നിപ്പോയത്.

ഈ നൂററാണ്ടിന്റെ ആദ്യദശകം കഴിയുന്നതിനു മുമ്പ് അതായത്; 1910 മാർച്ച് 19—നു് ഗോപാലകൃഷ്ണ ഗോഖലെ ഇമ്പീരിയൽ നിയമനിർമ്മാണ സഭയിൽ ഒരു പ്രമേയമവതരിപ്പിച്ചിരുന്നു, പ്രാഥമിക വിദ്യാഭ്യാസം നിർബന്ധവും സൗജന്യവുമാക്കുന്നതിനു് ആദ്യനടപടികൾ ആരംഭിയ്ക്കേണ്ട ആവശ്യത്തെപററി. പത്തൊമ്പതാം നൂററാണ്ടിനെ ശിശുക്കളുടെ നൂററാണ്ടെന്നു വിശേഷിപ്പിച്ച ഒരു ഫ്രഞ്ചുസാഹിത്യകാരനെ ഉദ്ധരിച്ച് ഗോഖലെ വാദിച്ചു, മൂന്നു സംഭവവികാസങ്ങൾ പ്രാഥമിക വിദ്യാഭ്യാസത്തെ സാർവ്വത്രികമാക്കേണ്ട ആവശ്യം നമ്മെ ബോധ്യപ്പെടുത്തുന്നുവെന്നു്. കുററവാളികളോടും തടവുപുള്ളികളോടും കൂടി മനുഷ്യത്വപരമായിരിക്കണം നമ്മുടെ സമീപനമെന്നുള്ള പൊതുജനാഭിപ്രായം ശക്തമായിരിയ്ക്കയാണു്. രണ്ടാമത് ഭരണകൂടം ജനാധിപത്യതത്വങ്ങൾക്കനുസൃതമായിരിക്കണം എന്നതോന്നൽ പരക്കെയുണ്ടു. വ്യവസായവികസനം ത്വരിതഗതിയിലാകാൻ വൈജ്ഞാനികമൂല്യങ്ങൾക്കൊള്ളുന്ന വിദ്യാഭ്യാസം പ്രചരിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ നോക്കുമ്പോൾ മററു രാജ്യങ്ങളെ അപേക്ഷിച്ചു, വിദ്യാഭ്യാസത്തിൽ പിൻനിലയാണു് ഇന്ത്യയ്ക്കുവന്നുപെട്ടിട്ടുള്ളതെന്നും ആ പ്രസംഗത്തിൽ ഗോഖലെ വിശദീകരിച്ചിരുന്നു.

ഏതാണ്ടക്കാലത്താണു് മെട്രിക്കുലേഷൻ സമ്പ്രദായം മാററി എസ്. എസ്. എൽ. സി. സമ്പ്രദായം ഇന്ത്യയിലേർപ്പെടുത്തിയത്. ഈ മാററത്തിനു മുഖ്യകാരണം മെട്രിക്കുലേഷൻ വ്യവസ്ഥയിലെ പരീക്ഷാ പ്രാമാണ്യം ഒഴിവാക്കുക എന്നതായിരുന്നു. പതിനഞ്ചു വയസ്സുമാത്രമുള്ള യുവാക്കളുടെ കഴിവുകളെ ഒരെഴുത്തു പരീക്ഷയിൽ കിട്ടുന്ന മാർക്കുകളുടെ അടിസ്ഥാനത്തിൽ കൊള്ളാവുന്നവരെന്നും തള്ളേണ്ടവരെന്നും രണ്ടായി ഇനം തിരിച്ച് എന്നെന്നേയ്ക്കുമായി മുദ്രയടിയ്ക്കുന്ന രീതി പ്രാകൃതവും അശാസ്ത്രീയവുമാണെന്നു ബോധ്യമായി; അങ്ങനെ പരീക്ഷയല്ല പഠനമാണു പ്രധാനമെന്ന അടിസ്ഥാനത്തിലാണു് എസ്. എസ്. എൽ. സി. വന്നത്. സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ അവസാനത്തെ മൂന്നു വർഷത്തെ പഠനത്തിന്റെ സമഗ്രമായ റിപ്പോർട്ടും വിശകലനവുമാണു് സർട്ടിഫിക്കററു പുസ്തകത്തിലുണ്ടാവേണ്ടത്. വിദ്യാർത്ഥികളുടെ കായികശേഷി, കലാഭിരുചി, സ്വഭാവസവിശേഷതകൾ, പഠനശുഷ്ക്കാന്തി എന്നിവ സൂചിപ്പിക്കുന്ന അർദ്ധവാർഷികമായി പരീക്ഷാമാർക്കു ശതമാനങ്ങൾ പ്രധാനമാണു്. പുരോഗതി തൃപ്തികരമായാൽ കോഴ്സു പൂർത്തിയായി. പിന്നെ സെക്കണ്ടറി ബോർഡു നടത്തുന്ന ഒരു പൊതുപരീക്ഷയിലെ മാർക്കും ചേർത്തിരിക്കും, പൊതുവിൽ താരതമ്യം ചെയ്യാൻ അത്രമാത്രം. തോററവരും ജയിച്ചവരുമായി ഇനം തിരിക്കുന്ന ഇടപാടു പാടില്ലെന്നു പ്രഖ്യാപിച്ചതായിരുന്നു എസ്. എസ്. എൽ. സി യുടെ പ്രസക്തി. കോഴ്സുകഴിഞ്ഞവർക്കെല്ലാം അഭിരുചിപോലെ കോളേജു പ്രവേശനത്തിനോ ഉദ്യോഗലബ്ധിയ്ക്കോ സ്വകാര്യവ്യാപാരത്തിനോ ശ്രമിയ്ക്കാം. അപേക്ഷകരിൽ നിന്നു വേണ്ടവരെ അതാതു പ്രിൻസിപ്പൽമാർക്കു തിരഞ്ഞെടുക്കാം.

ഇന്നയിന്നവർക്ക് പ്രവേശനപരിഗണനയ്ക്ക് അവകാശമില്ലെന്നു വിലക്ക നീട്ടെഴുതാൻ എസ്. എസ്. എൽ. സി. ബോഡിന്ന് അധികാരമില്ലായിരുന്നു. അങ്ങനെ താത്വികമായി ഒരടി മുന്നോട്ടുവച്ചു. വലിയതാമസമുണ്ടായില്ല, വളഞ്ഞ വഴിയിലൂടെ പ്രവേശനയോഗ്യതക്കാരുടെ പട്ടിക പ്രസിദ്ധപ്പെടുത്തുന്ന ഏർപ്പാടായി; മാത്രമല്ല അവസാനത്തെ പരീക്ഷയാണ് സർവ്വപ്രധാനമെന്നും വന്നു. തോററവർ, ജയിച്ചവർ ഫസ്റ്റ്ക്ലാസ്സ് ഇതെല്ലാം പഴയപടിയ്ക്ക് കടന്നുകൂടി. അവസാനത്തെമാർക്കിൻെറ പകർപ്പുമാത്രം മതി മാന്യതയ്ക്ക് എന്നുവന്നപ്പോഴ്, ചോദ്യക്കടലാസ്സ ചോർച്ച, കോപ്പിയടി, മാർക്കിനുവേണ്ടി ടാക്സി പിടിച്ച നെട്ടോട്ടം, എന്തെന്തെല്ലാം? മെടിക്കലേഷനിലേയ്ക്ക് രണ്ടടി പിറകോട്ട എന്നതായില്ലേ ഇന്നത്തെ നില?

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യസ്വതന്ത്രയായി. ജനബാഹുല്യവും കാർഷികസമ്പദ് വ്യവസ്ഥയും കണക്കിലെടുത്തു സാമ്പ[illegible] ധ്യത കുറച്ച് വിദ്യാഭ്യാസം വ്യാപകമാക്ക[illegible] തൊഴിലില്ലായ്മ പരിഹരിക്കുകയും ലക്ഷ്യമാക്കി നിർദ്ദേശിയ്ക്കപ്പെട്ടതായിരുന്നു അടിസ്ഥാന വിദ്യാഭ്യാസപദ്ധതി. പുതിയ വിദ്യാഭ്യാസ ക്രമത്തിൻെറ തുടക്കം എന്നനിലയ്ക്കാണ് നയിതാലിം എന്നു നാമകരണം ചെയ്തതു തന്നെ. അതു് അവസാനവാക്കായി കരുതേണ്ടകാര്യമില്ല. പക്ഷേ നാമെന്തുചെയ്തു? ഡസ്കും ബഞ്ചും എടുത്തുമാററി പായ്‌വിരിച്ച തറയിലിരിക്കുക; കൃത്യസമയത്തിന് സൂത്രയജ്ഞം നടത്തുക, കാപ്പിയും ചായയും ഒഴിവാക്കുക; ഒരു പ്രത്യേക പ്രാർത്ഥനനടത്തുക എന്നിങ്ങനെ ബാഹ്യാചരണത്തിൽ മാത്രം ശ്രദ്ധിയ്ക്കുന്ന തരത്തിൽ നിർജ്ജീവമാക്കിയാണു നാമതിനെ രംഗത്തുകൊണ്ടുവന്നതു്. ആദർശഭ്രാന്തന്മാരുടെ വിവരക്കേടൊരുവശത്തു; അതിനെതിരായുള്ള പരിഹാസവിമർശനം മറൊരിടത്തു. വിദ്യാഭ്യാസത്തെ ഗ്രാമീണസമ്പദ് വ്യവസ്ഥയുമായി ഇണ


Phone : 36 ANJARAKANDY

**ANJARAKANDY SERVICE CO-OPERATIVE BANK LTD., No. 1141**

**P. O. MAMBA, CANNANORE DIST.**

| | | | | |
|---|---|---|---|---|
| പ്രവർത്തന മൂലധനം | : | ക. | 10,46,455 | 28 |
| ഓഹരി മൂലധനം | : | ക. | 1,62,837 | 00 |
| കരുതൽ ധനം | : | ക. | 38,537 | 62 |

| | | |
|---|---|---|
| സ്ഥിര നിക്ഷേപം | : പലിശനിരക്ക് | 8%—13% |
| സേവിങ്ങ്സ് നിക്ഷേപം | : ,, | 6% |
| കറൻറ് നിക്ഷേപം | : ,, | — |

മെമ്പർമാർക്ക് 5,000 ക. വരെ കാർഷിക കടങ്ങൾ നൽകുന്നു
10,000 ക. വരെ സലയുള്ള കുറികൾ നടത്തിവരുന്നു.
മററു വ്യാപാരങ്ങൾ ; റേഷൻ, വളം, കണ്ട്രോൾ തുണി, കശുവണ്ടി സംഭരണം.
ബേങ്ക് ഫാർമേഴ്സ് ബേങ്കായി മാറുന്നു

കെ. എം. പുരുഷോത്തമൻ
പ്രസിഡൻറ്

എം. നാരായണൻ
സെക്രട്ടറി



**മാത്തിൽ സർവ്വീസ് കോ-ഓപ്പറേറീവ് ബാങ്ക്**

**ക്ളിപ്തം No. C. 1515**

**മാത്തിൽ**

| | | | |
|---|---|---|---|
| നിക്ഷേപങ്ങൾ | 1 ലക്ഷം | മെമ്പർമാർ | 1000/– |
| ഓഹരി മൂലധനം | 1 ലക്ഷം | കടങ്ങൾ | 5 ലക്ഷം |

നിക്ഷേപങ്ങൾക്ക് 13% പലിശ അനുവദിക്കുന്നു

**എം. ബാപ്പൻ**
പ്രസിഡൻറ്

**കെ. എം. വാസുദേവൻ**
സെക്രട്ടറി

...ള്ള പരീക്ഷണം മുളയിലേ വാടി എന്നു പറഞ്ഞാൽ മതി. ക്രിയാത്മകമല്ലാത്ത സാപഹാസാക്ഷേപത്തെ സ്ഥാപിതതാല്പര്യക്കാർ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു.

'വിദ്യാഭ്യാസം എങ്ങോട്ട്' എന്ന ശീർഷകത്തിൽ അക്കാലത്ത് പി. ആർ. നമ്പ്യാർ പ്രസിദ്ധീകരിച്ച പുസ്തകം എത്രസദുദ്ദേശ പ്രേരിതമായിരുന്നാലും കായികാധ്വാനക്കാർക്ക് വൈഷണിക പ്രവർത്തകരുടെ മാന്യത നൽകാനുള്ള ആഹ്വാനത്തെ പുച്ഛിച്ചു തള്ളാൻ സമർത്ഥമായ ശ്രമം അതിലുണ്ടായിരുന്നുവെന്ന് വ്യക്തം. ''ഇതിൽ പ്പറഞ്ഞ എല്ലാ നിഗമനങ്ങളോടും എല്ലാവരും യോജിക്കണമെന്നില്ല. പക്ഷേ എന്തും കണ്ണടച്ചു വിശ്വസിക്കുന്നതിനുപകരം വിദ്യാഭ്യാസ പ്രശ്നങ്ങളെ ചില മൂല്യങ്ങളുടേയും തത്വങ്ങളുടേയും അനുഭവങ്ങളുടേയും മാനദണ്ഡം വെച്ചുനോക്കുന്നതു ശാസ്ത്രീയമായ പരിശോധനാമാർഗമാണ്. അതിനിടയിലൊരു പക്ഷേ തികച്ചും വ്യക്തിപരമായ ചില നിഗമനങ്ങളിലദ്ദേഹം എത്തിച്ചേർന്നിട്ടുണ്ടാവാം ഇല്ലെന്നു പറയുന്നില്ല'' എന്ന് പി. ആർ.ന്റെ പ്രഥമ കൃതിയെപ്പററി അവതാരികയിൽ പി. ടി. ഭാസ്കരപ്പണിക്കർ തന്നെ തന്റെ ഭയത്തെ ധ്വനിപ്പിച്ചിരുന്നു. നിലവിലുള്ള നോൺബേസിക്ക് സ്കൂളുകളെയും വേരുറച്ചിട്ടില്ലാത്ത ബേസിക് സ്കൂളുകളെയും ഒരേ തട്ടിൽ നിന്നാക്ഷേപിക്കുവാനും രണ്ടും ആപൽക്കരമാണെന്ന ധാരണയുണ്ടാക്കാനും ആ വിമർശനം ഉപകരിച്ചു. പരിഷ്ക്കരണം വേണ്ടതു് സാമൂഹ്യതലത്തിലാണെന്നും സോഷ്യലിസം നടപ്പിലാവുന്നതിനു മുമ്പുള്ള വിദ്യാലയ പരിഷ്ക്കരണ ശ്രമം അസ്ഥാനത്താണെന്നും ഉള്ള ധാരണ അധ്യാപകർക്കിടയിൽ പരന്നു. അങ്ങിനെ വിദ്യാഭ്യാസത്തിനു തൊഴിൽ ആഭിമുഖ്യം കൊടുക്കാനുള്ള നീക്കങ്ങൾ പിറകോട്ടുപോയി. ''മേട്ടൂർ മില്ലിനേക്കാൾ സമുന്നതമായ ഒരു സ്ഥാനം ഖാദിക്കു നൽകുന്നതിന്റെ അർത്ഥം എന്താണെന്നാണ്" അദ്ദേഹം ചോദിച്ചതു്. ബ്രിട്ടീഷുകാർ ഖദറുടുത്തവരെ ദ്രോഹിച്ചു. ആ ദുഷ്ടപാരമ്പര്യത്തിന്റെ വകഭേദമായി ഖാദിനിഷ്ക്കർഷയെ അദ്ദേഹം ചിത്രീകരിച്ചു. ''ഒരു ചർക്കാ കേന്ദ്രത്തിനോ ഖാദിക്കോ ഉള്ളതിലൊട്ടും കുറയാത്ത പാവനത മേട്ടൂരിലെ സ്പിന്നിങ് ആൻറ് വീവിങ് മില്ലിനും അതിൽനിന്നുണ്ടാകുന്ന മേട്ടൂർ മല്ലിനും ഉണ്ടെന്നു'' വരെ അദ്ദേഹം ഉദ്ബോധിപ്പിച്ചു. വിദ്യാലയങ്ങളിൽ സൂത്രയജ്ഞം നടത്തുന്നതും ഗ്രഹണസമയത്തു മണൽത്തിട്ടിലിരുന്നു ചിലർ ഗോവിന്ദ ഗോവിന്ദ എന്നു വിളിക്കുന്നതും തമ്മിൽ വലിയ അന്തരമില്ലെന്നു പറഞ്ഞു പഴമക്കാരുടെ കൈയ്യടി നേടാനായിരുന്നു അന്നു അധ്യാപക നേതാവു വ്യഗ്രതകാട്ടിയതു്.

നമ്മുടെ വിദ്യാഭ്യാസരംഗത്തിൽ നികുതിയുടെ 40% ചെലവഴിച്ചിട്ടും വേണ്ടത്ര തൃപ്തി ഒരിടത്തുമായിട്ടില്ല. വിദ്യാർത്ഥികളുടെ ഇടയിൽ പുസ്തകം വാങ്ങാൻ കാശില്ലാത്തവർ, ഉച്ചപ്പട്ടിണിക്കാർ അങ്ങിനെ പലരും ഉണ്ടാകും. ബ്രിട്ടീഷ് ഭരണകാലത്ത് പല ഡിസ്ത്രിക്ട് ബോർഡു സ്കൂളുകളിലും സ്കൂൾ പുസ്തകങ്ങളും സ്കൂൾ സ്ളേററുകളും ഓരോ ക്ളാസിലേക്കും പൊതുവായിട്ടുണ്ടായിരുന്നു. ഇന്നു അത്തരം സൗകര്യങ്ങളൊന്നുമില്ല. അതുണ്ടാക്കാവുന്ന ഒരു വിദ്യാർത്ഥി ക്ഷേമനിധിയോ വിദ്യാഭ്യാസ സെസ്സുതന്നേയോ ഏർപ്പെടുത്തുന്നതിൽ അപാകതയൊന്നുമില്ല. തൊഴിലോ സാക്ഷരതയോ വേണ്ടതെന്നു ചോദിച്ചാൽ ആദ്യം തൊഴിൽ എന്നു പറയേണ്ടി വരും. വിശക്കുന്നവനു സാഹിത്യ പഠനം എങ്ങനെ രുചിക്കും. ആററം രഹസ്യം കണ്ടെത്തുന്നവനും കായികാധ്വാനം ചെയ്യുന്നുണ്ടാകും. എന്നു എങ്ങിനെ സമാശ്വസിച്ചിരിക്കും?.

സമഗ്രവും മൗലികവുമായ ഒരു അഴിച്ചുപണി വിദ്യാഭ്യാസരംഗത്തുണ്ടാകണം. മണക്കാച്ചയിലെ കായികാധ്വാനത്തിന്റെ മഹത്വം മനസ്സിലാക്കാൻ മാത്രം പലരുടേയും കണ്ണു അല്പം തുറന്നിട്ടുണ്ട്. വിദ്യാഭ്യാസത്തെ കൺകറൻറ് ലിസ്റ്റിൽ പെടുത്തി ഒരേ പൗരത്വമുള്ള നമ്മുടെ രാജ്യത്ത് ഒരേതരം പ്രാഥമിക വിദ്യാഭ്യാസമുണ്ടാകണമെന്ന തത്വം പ്രാവർത്തികമാകേണ്ടിയിരിക്കുന്നു. കേന്ദ്രീയമെന്നും സാംസ്ഥാനികമെന്നും മോഡലെന്നും നാടനെന്നും പലതരം വിദ്യാലയങ്ങൾ ഉണ്ടാകുന്നതു് പഴയ ചാതുർവർണ്യത്തിന്റെ പുനപ്രതിഷ്ഠയായേക്കുമെന്ന് ശ്രീ എ. കെ. ആൻറണി തുറന്നു പറഞ്ഞിരിക്കുന്നു. ഗോഖലെ, 1910–ൽ പറഞ്ഞപോലെ മനുഷ്യസമത്വത്തെ മാനിക്കുന്ന സംസ്കാരത്തിന്റെ പുലർച്ചക്കും, ജനാധിപത്യത്തിന്റെ അർത്ഥപൂർണ്ണതക്കും തൊഴിലില്ലായ്മയുടെ അറുതിക്കും അതു് കൂടിയേ കഴിയൂ. സോഷ്യലിസം വന്നശേഷം വിദ്യാഭ്യാസ പരിഷ്കരണം എന്നതാവരുതു്. സോഷ്യലിസത്തിനുതകുമാറു് വിദ്യാഭ്യാസ പരിഷ്കരണം എന്നതാവണം നമ്മുടെ കാഴ്ചപ്പാട്. അതുവരെ വിദ്യാഭ്യാസം എങ്ങോട്ട് എന്ന ചോദ്യത്തിനു് ഒരടി മുന്നോട്ടു രണ്ടടി പിന്നോട്ടു എന്നു മാത്രം മറുപടി പറയേണ്ടി വരും.

★